"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തിരുവനന്തപുരം വികസന അതോറിറ്റി - 2024-25 വാർഷിക പദ്ധതി - വർക്കിംഗ് ഗ്രൂപ്പ് പ്രൊപ്പോസൽ - ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2482/2024/LSGD തീയതി,തിരുവനന്തപുരം, 18-12-2024

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 24.06.2024 തീയതിയിലെ എസ്1/1042/2023/ടിഡ നമ്പർ കത്ത്.
2. 26.06.2024 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് തീരുമാനം.
3. സ.ഉ.(അച്ചടി)നം.76/2024/ധന നമ്പർ 31.08.2024
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 19.11.2024 തീയതിയിലെ എസ്1/1042/2023/ടിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷം "2217-05-191-36" എന്ന ശീർഷകത്തിൽ ടിഡയ്ക്ക് വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്ന് 'പാളയം അർബൻ ഓക്സിജൻ പാർക്ക്' എന്ന പദ്ധതിയ്ക്ക് 150 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം ടിഡ സെക്രട്ടറി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) 164 ലക്ഷം രൂപ മൊത്തം എസ്റ്റിമേറ്റ് വരുന്ന പദ്ധതിയ്ക്ക്, 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള പ്ലാൻ വിഹിതത്തിൽ നിന്ന് (400 ലക്ഷം) 149 ലക്ഷം രൂപ അനുവദിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിന് 26.06.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ, ഓക്സിജൻ പാർക്ക്" എന്ന പദ്ധതിയുടെ പേര് കൂടുതൽ അനുയോജ്യമായ പദത്തോടെ മാറ്റണമെന്ന വ്യവസ്ഥയോടെ" അംഗീകാരം നല്കുകയും ചെയ്തു. അപ്രകാരം പാളയം അർബൻ ഓക്സിജൻ പാർക്കിന് "**പാളയം സമന്വയ പാർക്ക്**" എന്ന പേര് ഉചിതമായിരിക്കുമെന്ന് പരാമർശം (4) പ്രകാരം ടിഡ സെക്രട്ടറി അറിയിക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പദ്ധതിയുടെ "***പാളയം സമന്വയ പാർക്ക്***" എന്ന പേര് അംഗീകരിച്ചു കൊണ്ട്, പ്രസ്തുത പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം വിലയിരുത്തിയിട്ടുള്ള പ്ലാൻ വിഹിതത്തിൽ നിന്ന് (400 ലക്ഷം) 149 ലക്ഷം രൂപയ്ക്ക് താഴെപ്പറയുന്ന നിബന്ധനയ്ക്ക് വിധേയമായി ഭരണാനുമതി നല്കി ഉത്തരവാകുന്നു.

i) നടപ്പ് സാമ്പത്തിക വർഷത്തെ മേൽ പദ്ധതിയുടെ ചിലവ് ഭരണാനുമതി തുകയുടെ 50% ആയി നിജപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

ധനകാര്യ വകുപ്പ്

ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 18-12-2024 13:08:57

സെക്ഷൻ ഓഫീസർ